# സി.എം.എസ്.എൽ.പി.സ്കൂൾ പുതുപ്പള്ളി




## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

പൊതുവിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ നിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപവൽപ്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന സി. എം. എസ്. എൽ. പി. സ്കൂൾ പുതുപ്പള്ളി, സജീവമായ പി. ടി. എ, എം.പി. ടി. എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# <u>സി എം എസ് എൽ പി എസ്  പുതുപ്പള്ളി</u>

**ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ കായംകുളം ഉപജില്ലയിലെ പുതുപ്പള്ളി വില്ലേജിൽ കായംകുളം കായൽ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ്**

**C M S L P സ്കൂൾ. ദേവികുളങ്ങര പഞ്ചായത്തിൽ കായൽ തീരത്ത് സ്ഥിതി ചെയ്യുന്ന ടി സ്കൂൾ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമാണെന്ന് വളരെ അഭിമാനത്തോടെ പറയുവാൻ കഴിയും. 1852-ൽ ആരംഭിച്ച ഈ പള്ളിക്കൂടം ആദ്യ കാലത്ത് പെരുംന്തോട്ടത്ത് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്.**

**ആലപ്പുഴ ജില്ലയുടെ തെക്കേ അറ്റത്തെ കാർത്തികപള്ളി താലൂക്കിൽ സ്ഥിതി ചെയ്യുന്ന ടി സ്കൂളിന് അതിപുരാധാനമായ ഒരു പാരമ്പര്യവും ചരിത്രവുമുണ്ട്. ചാതൂർ വർണ്യത്തിന്റെ സന്തതിയായ് മനുഷ്യനെ പലതട്ടുകളായി അവർണ്ണരും സവർണ്ണരുമായി മാറ്റപ്പെട്ട് വിദ്യാഭ്യാസവും സാമൂഹ്യനീതിയും നിഷേധിക്കപ്പെട്ടിരിക്കുന്ന കാലത്ത് മിഷനറിമാരുടെ വരവോടെ രാജ്യത്ത് അങ്ങോളമിങ്ങോളം മാറ്റാങ്ങളുടെ കൊടുങ്കാറ്റ് വീശി തുടങ്ങി. ഇതിന്റെ ഫലമായി ഇവിടെ കടന്ന് വന്ന സി. എം. എസ് മിഷനറിമാരുടെ പ്രവർത്തനഫലമായി ഒന്നര നൂറ്റാണ്ടിന് മുമ്പ് ഈ സ്കൂൾ സ്ഥാപിതമായി. 1852 ൽ സ്ഥാപിതമായ ഈ സ്ഥാപനം അന്ന് മുതൽ ഇന്ന് വരെ ചുറ്റുപാടുകളെ വെളിച്ചത്തിലേക്ക് നയിക്കുന്നു.**

# അടിസ്ഥാന വിവരങ്ങൾ

- സ്കൂളിന്റെ പേര് : സി എം എസ് എൽ പി എസ് പുതുപ്പള്ളി
- മേൽവിലാസം : പുതുപ്പള്ളി, കായംകുളം. പുതുപ്പള്ളി പി.ഒ. ആലപ്പുഴ ജില്ല . 690527
- ഫോൺ : 0479 2479991
- സ്കൂൾ കോഡ് : 36421
- യുഡൈസ് കോഡ് : 32110600308
- വിദ്യാഭ്യാസ ഉപജില്ല : കായംകുളം
- റവന്യൂ ജില്ല : ആലപ്പുഴ
- ലോകസഭാമണ്ഡലം : ആലപ്പുഴ
- നിയമസഭാമണ്ഡലം : കായംകുളം
- താലൂക്ക് : കാർത്തികപ്പള്ളി
- പഞ്ചായത്ത് : മുതുകുളം
- വാർഡ് : 12
- പ്രധാന അദ്ധ്യാപിക : ബിജി ചെറിയാൻ
- പി ടി എ പ്രസിഡന്റ് : അരുൺ കുമാർ
- എം പി ടി എ പ്രസിഡന്റ് : രാജി
- ഇമെയിൽ : cmslpsputhuppally@gmail.com

# അവസ്ഥാ വിശകലനം

1. <u>വിദ്യാലയം പൊതു വിശുകലനം</u>

പുതുപ്പള്ളി ഗ്രാമത്തിലെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിർണായക പങ്കുവഹിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ഈ സ്കൂളിൽ പഠിക്കുന്ന മിക്ക കുട്ടികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിൽ നിന്ന് വരുന്നവരാണ്. നാനാ മതത്തിലുള്ള കുട്ടികൾക്ക് യാതൊരു വേർതിരിവും കൂടാതെ പഠിക്കാനുള്ള അവസരം ഈ സ്കൂളിൽ നിന്ന് ലഭ്യമാകുന്നു. പുതുപ്പള്ളി ഗ്രാമത്തിലെ തീരപ്രദേശത്ത് നിലകൊള്ളുന്ന ഈ സ്ഥാപനത്തിന്റെ പ്രധാന ആവശ്യകതയും പ്രസക്തിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ്.

1863 ൽ സി. എം. എസ് മിഷനറിമാരാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ഈ വർഷം പഞ്ചായത്ത് തലത്തിൽ നടന്ന മെട്രിക് മേളയിൽ പങ്കെടുത്ത് നല്ല സ്കൂളിനുള്ള ബഹുമതി ലഭിക്കുകയുണ്ടായി. കൂടാതെ കലോത്സവങ്ങളിലും, പ്രവർത്തി പരിചയ മേളകളിലും വിജയം കരസ്ഥമാക്കിയിരുന്നു.

## സാമൂഹ്യ പങ്കാളിത്തം

സ്കൂളിന്റെ സുഖമമായ പ്രവർത്തനത്തിന് എല്ലായിപ്പോഴും സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. പി. റ്റി. എ, എം. പി. റ്റി. എ, എസ്. എസ്. ജി, എസ്. എം. സി എന്നീ ഗ്രൂപ്പുകളുടെ സേവനം സമയാസമയങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നു.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കാനുള്ള അനുബന്ധ പ്രവർത്തനങ്ങൾ

ഓരോ മാസവും എസ്. ആർ. ജി കൂടി സ്കൂൾ, ക്ലാസ് തല പ്രവർത്തനങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുന്നു. ഇതിന്റെ റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് പി. റ്റി. എ, എം. പി. റ്റി. എ, എസ്. എസ്. ജി തുടങ്ങിയ സംഘടനകൾ പ്രവർത്തിച്ചുവരുന്നു.

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

പ്രഥമ അധ്യാപികയും നേതൃത്വത്തിലുള്ള സേവന സന്നദ്ധരായ അധ്യാപകർ, കുട്ടികൾ, രക്ഷകർത്താക്കൾ എന്നിവരും കൂടാതെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സാമുദായിക സാമ്പത്തിക മേഖലയിൽ നിന്നുള്ളവരുടെ നിസ്വാർത്ഥമായ സേവനം സ്കൂളിന്റെ ശക്തി സ്രോതസ്സാണ്.

## പരിമിതികൾ

സ്കൂളിന്റെ ചുറ്റുപാടും നിലനിൽക്കുന്ന വെള്ളക്കെട്ട്, കുടിവെള്ള ലഭ്യത കുറവ്, കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ഭക്ഷണമുറിയുടെ അഭാവം, പ്രധാന അധ്യാപികയുടെ ക്ലാസ് ചാർജ് സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ പ്രൊജക്ടർ എന്നിവയുടെ കുറവ്.

പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് അവന്റെ കഴിവുകൾ വ്യത്യസ്തമാണ് " എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന മനുഷ്യന്റെ മാനസിക വളർച്ചയ്ക്ക് പ്രാധാന്യം ആണ് എന്ന് അവബോധനം നൽകി വായനയെ പ്രോത്സാഹിപ്പിക്കുക.
- വായന മൂല കൂടുതൽ ഉപയോഗിക്കുവാൻ അവസരം ഒരുക്കുന്നു.
- മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും. അതിനായി സാങ്കേതികവിദ്യയുടെ ഉപയോഗം ഉറപ്പാക്കും.
- കൃഷി, ഔഷധ തോട്ടം, ജൈവവൈവിധ്യ ഉദ്യാനം എന്നിവയുടെ നിർമ്മാണം, ആവശ്യകത എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തി നിർമ്മാണത്തിൽ പങ്കാളിയാക്കും.
- വിദ്യാലയം ഒരു പൊതുമുതൽ ആണെന്ന് മനസ്സിലാക്കി വിദ്യാലയ സംരക്ഷണത്തിൽ ജാഗരൂകരായിരിക്കാൻ അവബോധം നൽകും.
- ലഹരി, പോസ്കോ എന്നിവയെ പ്രതിരോധിക്കാൻ ശേഷിയുള്ള തലമുറയാക്കാൻ ബോധവൽക്കരണം നൽകും.
- നല്ല ആരോഗ്യം ശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കി മാലിന്യനിർമാർജന സംസ്കാരത്തിന്റെ ഭാഗമാകും.

# പ്രവർത്തന പദ്ധതികൾ

മേഖല : അക്കാദമികം ഉപ മേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 .എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1.പഠനനില കണ്ടെത്താൻ ടെസ്റ്റ് നടത്തുന്നു. | ജൂൺ | ഇംഗ്ലീഷ് ടീച്ചർ S.R.G. | 500/- PTA |
| | 2.പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂലൈ - ഫെബ്രുവരി | HM ENGLISH TEACHER S.R.G | ഒരു കുട്ടിക്ക് 25 രൂപ |
| | 3.ഇംഗ്ലീഷ് അസംബ്ലി | ആഴ്ച യിൽ ഒന്ന് | CLASS TEACHER | |

## ഉപമേഖല : ശാസ്ത്ര പഠനം

| | | | | |
|---|---|---|---|---|
| ഔഷധ ഉദ്യാനം ഉണ്ടാക്കൽ | ഔഷധസസ്യങ്ങൾ ലിസ്റ്റ് ചെയ്യൽ, പുതിയവ കണ്ടെത്തി ചാർട്ട് തയ്യാറാക്കൽ, ഔഷധസസ്യങ്ങൾ ശേഖരിക്കൽ, നടീൽ, ഉപയോഗം കണ്ടെത്തൽ | June to February | Class teacher HM Students & Parents | P.T.A & Class teachers |

## ഉപമേഖല : മലയാള ഭാഷ വായന പരിപോഷണം

| | | | | |
|---|---|---|---|---|
| എഴുത്തും വായനയും അറിയാൻ വയ്യാതെ ഒരു ഒറ്റകുട്ടി പോലും നാലാം ക്ലാസ് കഴിഞ്ഞ് പുറത്തു പോകരുത്. | എഴുത്തും വായനയും അറിയാൻ വയ്യാതെ ഒരു ഒറ്റകുട്ടി പോലും നാലാം ക്ലാസ് കഴിഞ്ഞ് പുറത്തു പോകരുത്. | ജൂൺ മുതൽ മാർച്ച് വരെ. | HM & Teachers | P.T.A & Teahers |

# ഭൗതികാന്തരീക്ഷം

| ക്രമ നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനിയും ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്സ് മുറികൾ | ഉണ്ട് | - |
| 2 | ടോയ്ലറ്റ് ആൺകുട്ടികൾ | ഉണ്ട് | - |
| 3 | ടോയ്ലറ്റ് പെൺകുട്ടികൾ | ഉണ്ട് | - |
| 4 | കുടിവെള്ള സൗകര്യം | ഉണ്ട് | ആവശ്യമുണ്ട് |
| 5 | HM മുറി | ഉണ്ട് | |
| 6 | ചുറ്റുമതിൽ | ഇല്ല | വേണം |
| 7 | കളിസ്ഥലം | ഉണ്ട് | - |
| 8 | Ramp with Hand rail | ഉണ്ട് | - |
| 9 | അടുക്കള | ഉണ്ട് | - |
| 10 | സ്കൂൾ കവാടം | ഉണ്ട് | - |
| 11 | കമ്പ്യൂട്ടർ ലാബ് | ഇല്ല | വേണം |
| 12 | ലൈബ്രറി | ഇല്ല | വേണം |
| 13 | ഭക്ഷണമുറി | ഇല്ല | വേണം |
| 14 | സ്മാർട്ട് ക്ലാസ്സ് റൂം | ഇല്ല | വേണം |
| 15 | പാർക്ക് | ഇല്ല | വേണം |

# ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|
| **Computer** | - | - |
| **Laptop** | 5 | 3 |
| **Projector** | 2 | എല്ലാ ക്ലാസ്സ് റൂമിലും |
| **Radio** | ഇല്ല | - |
| **TV** | ഇല്ല | - |
| **Victors Channel** | ഇല്ല | - |
| **Internet** | ഉണ്ട് | - |
| **Email** | ഉണ്ട് | - |





CMSLP School
Puthuppally



ലഹരി വിരുദ്ധ പ്രതിജ്ഞ








ഹിരോഷിമ ദിനം